# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 241** **15.02.2013- ൽ മറുപടിക്ക്**

### വരൾച്ച ദുരന്ത നിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ.കെ നാരായണൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വരൾച്ച സംബന്ധിച്ച് ദുരന്ത നിവാരണ അതോറിറ്റി പഠനം നടത്തിയിരുന്നോ; എന്തായിരുന്നു പഠനറിപ്പോർട്ട്; വിശദമാക്കുമോ; | (എ) | പഠനം നടത്തിയിരുന്നു. ആഗസ്ത് 2012 മാസത്തിൽ നടത്തിയ അവലോകനത്തിൽ തന്നെ കേരളം വരൾച്ചാ ബാധിതമാകുവാനുള്ള സാധ്യത ദുരന്ത സാധ്യതാ അപഗ്രഥന വിഭാഗം നടത്തിയ പഠനത്തിൽ വെളിവായിരുന്നു. കേന്ദ്ര മാനദണ്ഡങ്ങൾ (ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെയും, കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും) അനുസരിച്ച് ഈ പഠനത്തിന്റെ വെളിച്ചത്തിൽ 2012 സെപ്തംബറിൽ നാല് ജില്ലകളെ (തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട്) വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ആഗസ്ത് മാസത്തിലെ മഴയുടെ സ്വഭാവം വിലയിരുത്തി ദുരന്ത സാധ്യതാ അപഗ്രഥന സെൽ തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെ കാലഘട്ടത്തിൽ തന്നെ രണ്ട് ജില്ലകൾ കൂടി തീവ്രമായ വരൾച്ചയിലേക്ക് കടക്കും എന്നും നിരീക്ഷിച്ചിരുന്നു. ഈ നിരീക്ഷണങ്ങൾ സെപ്റ്റംബർ 06-ാം തീയതി ദുരന്ത നിവാരണ അതോറിറ്റി യോഗം വിലയിരുത്തുകയും ചെയ്തിരുന്നു. തുടർന്ന് നവംബർ മാസത്തിൽ തെക്കു പടിഞ്ഞാറൻ കാലവർഷത്തിന്റെയും വടക്കു കിഴക്കൻ കാലവർഷത്തിന്റെയും മഴയുടെ തോതുകളിലുള്ള കുറവും ഭൂഗർഭ ജലത്തിന്റെയും അണക്കെട്ടുകളിലെയും ജലത്തിന്റെ അളവും പരിഗണിച്ചു കൊണ്ട് കേരളം പൂർണ്ണ തോതിലുള്ള തീവ്രമായ വരൾച്ചയെ നേരിടുവാൻ പോകുകയാണ് എന്ന് വിലയിരുത്തികൊണ്ട് ഡിസംബർ 19-ാം തീയതി ചേർന്ന ദുരന്ത നിവാരണ അതോറിറ്റി യോഗം കേരളത്തിലെ എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലകളെയും വരൾച്ച ബാധിതമായി പ്രഖ്യാപിക്കുകയും ചെയ്തു. |
| (ബി) | സംസ്ഥാനത്ത് വരൾച്ച പ്രതിരോധിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് സാധ്യമായിട്ടുണ്ടോ; ഇതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ കാരണം എന്തായിരുന്നു; | (ബി) | വരൾച്ച പ്രതിരോധിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് വീഴ്ച സംഭവിച്ചിട്ടില്ല. |
| (സി) | കുടിവെള്ള വിതരണം അടക്കമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സാധിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | വരൾച്ചമൂലമുള്ള സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. പ്രാഥമികമായി 7795/- കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ